## പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 96 | 07.08.2017-ൽ മറുപടിക്ക് |
|---|---|

## എസ്. പി. സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. വി. ജോയി | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സർക്കാർ സ്കൂളുകളിൽ പുതുതായി എസ്. പി. സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിൽ ഈ യൂണിറ്റുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പുതിയ അദ്ധ്യയന വർഷം 100 സ്കൂളുകളിൽ കൂടി എസ്.പി.സി. പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി എസ്.പി.സി. പദ്ധതി പുതുതായി ആരംഭിക്കുന്നതിന് 100 സർക്കാർ സ്കൂളുകളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ പട്ടിക സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | എസ്. പി. സി യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള ഫണ്ടിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.പി.സി. പദ്ധതിയുടെ സ്കൂൾ/ജില്ല/സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും മാറ്റി വയ്ക്കുന്ന തുകയിൽ കുറവ് വന്നിട്ടുണ്ട്. 2016-2017 സാമ്പത്തിക വർഷത്തിൽ പോലീസ് നവീകരണ സ്കീമിൽ ഉൾപ്പെടുത്തി 10.7 കോടി രൂപ എസ്.പി.സി പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയിരുന്നു. ആയത് 2017-2018 സാമ്പത്തിക വർഷം 9 കോടി ആയി കുറഞ്ഞിട്ടുണ്ട് (ഇതിൽ 8 കോടി രൂപ പദ്ധതി നിർവ്വഹണത്തിനും 1 കോടി രൂപ പദ്ധതിയുടെ ഡയറക്ടറേറ്റ് നിർമ്മാണത്തിനും). കൂടാതെ കേരള റോഡ് സേഫ്റ്റി അതോറിറ്റി 1 കോടി രൂപ എസ്.പി.സി.-യുടെ ശുഭയാത്ര പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. പുതുതായി 100 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി അനുവദിച്ച് പ്രവർത്തനമാരംഭിക്കുന്നതിന് 2 കോടിയോളം അധിക ചെലവ് നടപ്പ് സാമ്പത്തിക വർഷം വേണ്ടി വരും. ഇതിനായി സംസ്ഥാന |

| | | | |
|---|---|---|---|
| | | | പോലീസ് മേധാവി ലഭ്യമാക്കിയ നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഈ അധ്യയന വർഷത്തിൽ തന്നെ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പുതിയതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ പട്ടിക പരിശോധിച്ചു അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ